(എഫ്) തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലാബിൽ കെമിസ്റ്റ് ഗ്രേഡ്-2 തസ്തിക രണ്ടെണ്ണം നിലവിലുണ്ട്. റീജിയണൽ ലാബുകളിൽ തസ്തിക നിലവിലില്ല.

(ജി) ഉണ്ട്.

(എച്ച്) നിവേദനം പരിശോധിച്ച് വരുന്നു.

ചികിൽസാ ഉപകരണങ്ങൾ നന്നാക്കാൻ നടപടി

158(869)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ വളരെയധികം ആധുനിക ചികിൽസാ ഉപകരണങ്ങളും ഫർണിച്ചറുകളും കേടായി കിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ കേടുപാടുകൾ തീർത്ത് ഉപയോഗയോഗ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ആശുപത്രി ഉപകരണങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്ത് ഉപയോഗശൂന്യമാക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ;

(ഡി) ദന്തൽ കോളേജുകളിൽ ഇങ്ങനെ കേടായിക്കിടക്കുന്ന ഉപകരണങ്ങൾ സംബന്ധിച്ച എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) തുടർച്ചയായ ഉപയോഗംമൂലം ഉപകരണങ്ങൾ ചിലപ്പോൾ കേടാകാറുണ്ട്. ആരോഗ്യ വകുപ്പിലെ കേടായ ആശുപത്രി ഉപകരണങ്ങൾ ഐ.എച്ച്.ആർ.ഡി.ഇയെ കൊണ്ടാണ് നന്നാക്കിച്ചിരുന്നത്. ഇതുകൂടാതെ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും ആശുപത്രി സൂപ്രണ്ടുമാർക്കും അവരവരുടെ സാമ്പത്തിക പരിധിക്കകത്തുനിന്നുകൊണ്ട് ഉപകരണങ്ങൾ അതാതു സ്ഥലങ്ങളിലുള്ളവ നന്നാക്കുന്നതിനുള്ള ഭരണപരമായ അനുമതിയും ഫണ്ടും നൽകുന്നുണ്ട്.

(സി മുതൽ ഇ വരെ) ഇപ്രകാരം ശ്രദ്ധയിൽപ്പെട്ടാൽ തക്കതായ നടപടി സ്വീകരിക്കുന്നതാണ്.

ഫാമിലി വെൽഫെയർ സെന്ററിലെ കുടിവെള്ളക്ഷാമം

159 (870)ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പറപ്പൂർ ഫാമിലി വെൽഫെയർ സെന്റർ കോംപൗണ്ടിൽ ഒരു പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിൽ എം.പി.ഫണ്ടുപയോഗിച്ച് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ നിരാക്ഷേപപത്രം ആവശ്യപ്പെട്ടിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യത്തിന് പഞ്ചായത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നടപടി സ്വീകരിക്കാമെന്ന് മറുപടി നൽകിയോ;

(സി) പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടും ഡി.എം.ഒ. വീണ്ടും ഹെൽത്ത് ഡയറക്ടർക്ക് എന്തെങ്കിലും അപേക്ഷ നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(ഇ) പഞ്ചായത്ത് ആക്ട് പ്രകാരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് സ്വന്തമായി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയുമോ;

(എഫ്) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതിക്ക് അടിയന്തിരമായി അനുമതി നൽകുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ പറപ്പൂർ ഗ്രാമ പഞ്ചായത്തിലെ പാറയിൽ സ്ഥിതിചെയ്യുന്ന എഫ്.ഡബ്ല്യൂ. സബ്സെന്ററിന്റെ കോംമ്പൗണ്ടിൽ എം.പി. സ്കീമനുസരിച്ച് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് അനുവദിക്കണമെന്നു പറപ്പൂർ മിനി സ്റ്റേഡിയം വാട്ടർ സപ്ലൈ സ്കീം കൺവീനർ ആവശ്യപ്പെട്ടിരുന്നു.

(ബി) കേരള കെട്ടിട നിർമ്മാണ നിയമമനുസരിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ എഞ്ചിനീയറിംഗ് വിംഗാണ് സ്ഥലം സംബന്ധിച്ച അനുമതി നൽകേണ്ടതെന്നുള്ളതിനാൽ അത്തരം ഒരു മറുപടി ആരോഗ്യ വകുപ്പ് ഡയറക്ടർ ഡി.എം.ഒ.യ്ക്ക് നൽകിയിരുന്നു.

(സി) പഞ്ചായത്ത് തീരുമാനത്തിന്റെ പകർപ്പ് സഹിതം ഡി.എം.ഒ. 22.10.'99ൽ ഒരു കത്ത് നൽകിയിട്ടുണ്ട്.

(ഡി) പറപ്പൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച് വിശദമായ റിപ്പോർട്ടും വാട്ടർടാങ്ക് നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ സൈറ്റ് പ്ലാനും ആവശ്യപ്പെട്ടുകൊണ്ട് മലപ്പുറം ജില്ലാ മെഡിക്കൽഓഫീസർക്ക് 10.11.'99-ൽ ഒരു കത്തു നൽകിയിട്ടുണ്ട്. 1997-98 വർഷത്തെ എം.പി.ഫണ്ടുപയോഗിച്ച് പറപ്പൂർ മിനി സ്റ്റേഡിയം വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുന്നതിന് വേങ്ങര ബ്ലോക്കിനു 3,25,000/-രൂപ ലഭിച്ചിട്ടുണ്ടെന്നും, പദ്ധതിയുടെ ഭൂപ്രകൃതി പ്രകാരം അനുയോജ്യമായ സ്ഥലത്ത് വാട്ടർ ടാങ്ക് പണിയുന്നതിന് (അതായത് ഫാമിലി വെൽഫെയർ സെന്ററിന്റെ കോംമ്പൗണ്ടിലെ കിണറിനു സമീപമുള്ള ഭാഗം അനുയോജ്യമാണെന്ന്) ബന്ധപ്പെട്ട എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും, പ്രസ്തുത സ്ഥലത്തെ വാട്ടർ ടാങ്ക് മാത്രം പണിയുന്നതുവഴി ഫാമിലി വെൽഫെയർ സെന്ററിനു പ്രത്യേക തടസ്സങ്ങളൊന്നും വരുന്നില്ലെന്നും പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം പഞ്ചായത്തിന് നിക്ഷിപ്തമായ സ്ഥലത്ത് ടാങ്ക് നിർമ്മിക്കാൻ അനുമതി നൽകാൻ പഞ്ചായത്ത് ഉദ്ദേശിക്കുന്നതായും കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ മലപ്പുറം ജില്ലാ മെഡിക്കൽ ആഫീസറുടെ അഭിപ്രായമാണ് ആരാഞ്ഞിട്ടുള്ളത്.

(ഇ) ഇല്ല.

(എഫ്) മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് ലഭിച്ച ശേഷം ആരോഗ്യ വകുപ്പിന്റെ അഭിപ്രായം പഞ്ചായത്തിനെ അറിയിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly